/·

# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5597 02.11.2016-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ ബാങ്കുകളിൽ എ.റ്റി.എം. സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ :** | **ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന് പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ; | (എ) പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന് പദ്ധതികളുണ്ട്.<br>പ്രാഥമിക സഹകരണ സംഘങ്ങളുടെ ഹെഡാഫീസും ശാഖകളുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തി വരുന്നു. നിലവിൽ 511 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് നിലവിലുണ്ട്. 31.03.2017 ഓടെ ബാക്കിയുള്ള എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) സംസ്ഥാനത്ത് ഗ്രാമീണമേഖലയിൽ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളിൽ എ.റ്റി.എം. സംവിധാനം | (ബി) നിലവിൽ 58 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ എ.റ്റി.എം സംവിധാനം നിലവിലുണ്ട്. പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാഥമിക സഹകരണ |

| | |
|---|---|
| നിലവിലുണ്ടോ; പ്രസ്തുത സംവിധാനം എല്ലാ പ്രാഥമിക സഹകരണ ബാങ്കുകളിലും കൊണ്ടുവരുന്നതിന് അനുമതി നല്കുമോ; | സംഘങ്ങളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) പ്രാഥമിക സഹകരണ ബാങ്കുകളിൽ എ.റ്റി.എം. സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കുമോ? | (സി) പ്രാഥമിക സഹകരണ ബാങ്കുകളിൽ എ.റ്റി.എം. സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**